ഇഹ്സാൻ

# താങ്ങാനുള്ള കരം; വെട്ടാനുള്ളതും

**എല്ലാ** പൊതുതെരഞ്ഞെടുപ്പുകളോടനുബന്ധിച്ചും പറ്റുന്ന 'അബദ്ധം' ബി.ജെ.പിക്ക് ഇത്തവണയും പറ്റി. കെട്ടുപുഴുത്ത വർഗീയത പറഞ്ഞെങ്കിലല്ലാതെ വോട്ടുപിടിക്കാനറിയാത്ത പാർട്ടി ഒരിക്കൽ കൂടി പതിവ് കാർഡ് പുറത്തെടുത്തു. കോൺഗ്രസ്സുകാരുടെ ഗാന്ധി പൈതൃകത്തിന് പകരംവെക്കാനായി പാർട്ടി രംഗത്തിറക്കിയ ബദൽ ഉരുപ്പടി വരുൺ ഗാന്ധിയാണ് പൊതുസഭയിൽ കാളകൂടം കലക്കിയത്. മോഡിയും തൊഗാഡിയയും ഇല്ലാത്തതു കൊണ്ടല്ല സഞ്ജയ്ഗാന്ധിയുടെ മകനെ കൊണ്ട് അവർ ഈ വിഷയം ഏറ്റെടുപ്പിച്ചത്. മുസ്‌ലിംകളോടുള്ള പക മൂത്ത് അവരെ നിർബന്ധ വന്ധ്യംകരണം ചെയ്യിപ്പിച്ച, അവരുടെ ചേരികളിലൂടെ ബുൾഡോസർ പായിച്ച അഛന്റെ മകന് നേർക്കുനേരെ തലകൊയ്യുന്നതിലാണ് കമ്പമെന്നു വരുമ്പോൾ അതിൽ രാഷ്ട്രീയമായ ഒരു പാരമ്പര്യവും തുടർച്ചയുമാണ് ബി.ജെ.പി മനസ്സിൽ കണ്ടിട്ടുണ്ടാവുക. പക്ഷേ ചതിച്ചത് ഇത്തവണ തെരഞ്ഞെടുപ്പു കമീഷൻ. വരുണിനെതിരെ അവർ നടപടിയെടുക്കുമെന്നാവും തന്ത്രമെനഞ്ഞ തലപ്പത്തുള്ളവർ നിരൂപിച്ചിട്ടുണ്ടാവുക. പക്ഷേ വിഷയം കോടതിക്കു വിടുകയും വേണമെങ്കിൽ തള്ളുകയോ കൊള്ളുകയോ ചെയ്യാവുന്ന മട്ടിൽ തീർത്തും നിരുപദ്രവകരമായ രീതിയിൽ ഒരു അഭിപ്രായം പറഞ്ഞ് തലയൂരുകയുമാണ് കമീഷൻ ചെയ്തത്.

ആവേശംമൂത്ത് അബദ്ധത്തിൽ പറയുന്നതും ഒന്നിലേറെ തവണ അതാവർത്തിക്കുന്നതും തമ്മിൽ രാഷ്ട്രീയത്തിൽ ചില വ്യത്യാസങ്ങളൊക്കെയുണ്ട്. അബദ്ധത്തിൽ പറഞ്ഞതാണെങ്കിൽ അടുത്ത വേദിയിലെത്തുമ്പോഴേക്കും ഒന്നുകിൽ നേരത്തെ പറഞ്ഞ വാക്കുകൾ വിഴുങ്ങാനുള്ള ബുദ്ധി ഒപ്പമുള്ളവർ ഉപദേശിച്ചിരിക്കും. അതല്ലെങ്കിൽ പറഞ്ഞതിനെ വെളുപ്പിച്ചെടുക്കാനുള്ള വാചകക്കസർത്തായിരിക്കും നേതാവ് പ്രകടിപ്പിക്കുന്നത്. ഇത് രണ്ടും ചെയ്യുന്നില്ലെങ്കിൽ തീരുമാനിച്ചുറപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നയമാണ് അതെന്നാണ് ബുദ്ധിയുള്ളവർ മനസ്സിലാക്കുക. വരുൺ ഗാന്ധി ചെയ്തതും ഇതുതന്നെ. സി.ഡിയിൽ തന്റെ വാക്കുകൾ കൃത്രിമമായി തിരുകിക്കയറ്റി എന്നാരോപിക്കുന്ന ഈ ഗാന്ധി പക്ഷേ തന്റെ കാഴ്ചപ്പാട് അങ്ങനെയല്ലെന്ന് എന്തുകൊണ്ട് പറയുന്നില്ല? പിലിബിത്ത് എന്ന ഓണംകേറാ മൂലയിൽ വരുൺ ഗാന്ധിയുടെ പ്രസംഗം നടക്കുമെന്നറിഞ്ഞ് നേരത്തെ സംഭവസ്ഥലത്ത് തടിച്ചു കൂടിയവരൊന്നുമല്ല ഈ പ്രസംഗം വാർത്തയാക്കിയവർ. ദുരൂഹമായ ചില കേന്ദ്രങ്ങളിൽനിന്നും മാധ്യമപ്രവർത്തകർക്ക് ഈ പ്രസംഗത്തിന്റെ സി.ഡികൾ എത്തിച്ചുകൊടുക്കുകയായിരുന്നു ചെയ്തത്. ബി.ജെ.പി നേതാവിന്റെ ഈ പ്രസംഗം പുറത്തു വിട്ടത് ആരായിരിക്കാം?

മാധ്യമങ്ങളുടെ കൃപാകടാക്ഷത്താൽ വിഷയം നാടൊട്ടുക്കു വലിയ വാർത്തയായി. അതുതന്നെയായിരുന്നു ബി.ജെ.പിക്ക് വേണ്ടിയിരുന്നതും. എന്തായിരുന്നു സംഭവത്തോട് പാർട്ടി സ്വീകരിച്ച സമീപനം എന്ന് വിലയിരുത്തുമ്പോഴറിയാം അവരുടെ കാപട്യം. തുടക്കത്തിൽ വരുണിനെ തള്ളിപ്പറഞ്ഞ പാർട്ടി പിന്നീട് അദ്ദേഹത്തെ ചിറകിനടിയിലൊളിപ്പിക്കുന്നതാണ് കണ്ടത്. വരുൺ നടത്തിയ പ്രസംഗം പാർട്ടിയുടെ നയത്തിൻെറ ഭാഗമല്ലെന്ന് തുടക്കത്തിൽ പറഞ്ഞ അതേ പാർട്ടിയാണ് പിന്നീട് ഈ വിഷയത്തിൽ തെരഞ്ഞെടുപ്പ് കമീഷനെ കുറ്റം പറഞ്ഞുകൊണ്ട് രംഗത്തിറങ്ങിയത്. ഇവിടെ രണ്ടു തരം കാപട്യമാണുള്ളത്. പാർട്ടി നിർത്തിയ സ്ഥാനാർഥിയുടെ പ്രസംഗം പാർട്ടിയുടെ നയമല്ലെന്ന ഈ നിലപാട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ കാര്യത്തിൽ ബി.ജെ.പി വകവെച്ചു കൊടുക്കുമോ? ഹേമന്ത് കർക്കരെയുടെ വധത്തെ കുറിച്ച് എ.ആർ ആന്തുലെ നടത്തിയ അഭിപ്രായ പ്രകടനം അദ്ദേഹത്തിന്റെ വ്യക്തിപരമായ കാഴ്ചപ്പാടാണെന്ന് കോൺഗ്രസ് നേതൃത്വം വിദശീകരിച്ചതിനു ശേഷവും ആന്തുലെയെ മന്ത്രിസഭയിൽനിന്നും പുറത്താക്കണമെന്ന് അദ്വാനി രണ്ട് അവസരത്തിലെങ്കിലും പൊതുവേദികളിൽ പ്രസംഗിച്ചിരുന്നില്ലേ?

'രാമക്ഷേത്രം' ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ പതിവു അവതാരങ്ങളെ മാറ്റിനിർത്തി പുതിയൊരു 'താരത്തെ' കൊണ്ട് വർഗീയത പ്രസംഗിപ്പിക്കുകയാണ് പാർട്ടി ചെയ്തത്. അതാകട്ടെ അവരുടെ എക്കാലത്തെയും നയത്തിന്റെ തുടർച്ചയുമായിരുന്നു. 2007ൽ യു.പി തെരഞ്ഞെടുപ്പിനു മുന്നോടിയായി പാർട്ടി പുറത്തിറക്കിയ സി.ഡിയുടെ കാര്യം ശ്രദ്ധിക്കുക. മുസ്‌ലിംകൾക്കെതിരെ പച്ചയായ വർഗീയത പ്രസംഗിച്ചു നടക്കുന്ന ഒരു സ്കൂൾ അധ്യാപകന്റെ വാക്കുകളിലൂടെയായിരുന്നു അന്ന് പാർട്ടി തനിനിറം പ്രദർശിപ്പിച്ചത്. തെരഞ്ഞെടുപ്പു കമീഷൻ ഇടപെട്ട് വിഷയം ദേഹത്തു തട്ടുമെന്നായപ്പോൾ ആ സി.ഡി. പുറത്തിറക്കിയവരുമായി ദേശീയ നേതൃത്വത്തിന് ഒരു ബന്ധവുമില്ലെന്നായി വിശദീകരണം. 2004ലെ തെരഞ്ഞെടുപ്പിൽ ഗുജറാത്ത് കലാപത്തിന്റെ ഓർമയുണർത്തുന്ന ദൃശ്യങ്ങളായിരുന്നു പ്രചാരണ സി.ഡിയിൽ ഉണ്ടായിരുന്നത്. അന്നും ഒരു ഘട്ടമെത്തിയപ്പോൾ പാർട്ടി അതിനെ തള്ളിപ്പറഞ്ഞു. 2002ലെ യു.പി തെരഞ്ഞെടുപ്പിനു മുന്നോടിയായി ഗോവയിലെ പനാജിയിൽ അടൽ ബിഹാരി വാജ്പേയി നടത്തിയ പ്രസംഗം മറ്റൊരു ഉദാഹരണം. മുസ്‌ലിംകളെ അടച്ചാക്ഷേപിച്ച ഈ പ്രസംഗം വാജ്പേയിയുടെ നാക്കുപിഴയായാണ് പിന്നീട് വ്യാഖ്യാനിക്കപ്പെട്ടത്. എതിർക്കാൻ ആർക്കും താൽപര്യമില്ലാതിരുന്ന 2003ലെ നരേന്ദ്ര മോഡിയുടെ പ്രസംഗങ്ങളെ പാർട്ടി കണ്ട ഭാവം തന്നെ നടിച്ചിരുന്നില്ല. സോണിയാ ഗാന്ധിയുടെ ചെലവിൽ 2008ൽ മോഡി ഇതേ കാർഡ് വീണ്ടും പുറത്തിറക്കിയപ്പോൾ പ്രകോപിപ്പിച്ചാൽ അങ്ങനെയൊക്കെ പറഞ്ഞെന്നിരിക്കും എന്ന മട്ടിലായിരുന്നു പാർട്ടി നേതാക്കൾ പ്രതികരിച്ചത്.

തൊഗാഡിയയും മോഡിയും അംഗീകൃത 'വ്യാളി'കളാണെന്നിരിക്കെ അവർ എത്ര തന്നെ കടുപ്പത്തിൽ തീ തുപ്പിയാലും അത് പൊതുജനത്തെ ഏശാൻ പോകുന്നുണ്ടായിരുന്നില്ല. അങ്ങനെയാണ് മേനകാ ഗാന്ധിയുടെ പുത്രൻ പുതിയ ഹിന്ദുത്വ പ്രതീകമായി ജന്മംകൊള്ളുന്നത്. ആലോചിച്ചുറപ്പിച്ച് ബി.ജെ.പി രംഗത്തിറക്കിയ ഒരു ബദൽ ഗാന്ധിയാണിത്. പുറംപകിട്ടാണെങ്കിൽ പോലും കോൺഗ്രസിന്റെ യുവഗാന്ധി ചില നല്ല ആശയങ്ങൾ പ്രചരിപ്പിക്കാനായി ദലിതന്റെ കുടിലുകളും പാവപ്പെട്ടവരുടെ ചാളകളും തേടി അലയുന്നുണ്ട്. കോൺഗ്രസിന്റെ കൈ 'ആം ആദ്മി കെ സാഥ്' എന്നു പറയുന്നതിന്റെ ഒരു 'റിയാലിറ്റി ബൈറ്റ്' ആയി വിമർശകർ ഇതിനെ വിലയിരുത്തുന്നുണ്ടെങ്കിലും. അതിന്റെ മറുപുറത്ത് യുവാക്കൾക്ക് ബി.ജെ.പി വെച്ചുകൊടുത്ത ബദൽ ഗാന്ധിക്ക് പറയാനുള്ളത് ആം ആദ്മിക്ക് കൈ കൊടുക്കുന്നതിനെ കുറിച്ചല്ല, മറിച്ച് കൈ വെട്ടുന്നതിനെ കുറിച്ചാണെന്ന് വരുന്നത് വാക്കുപിഴയും നാക്കുപിഴയും മറ്റുമല്ല; ബി.ജെ.പി പറയാനാഗ്രഹിച്ചതു തന്നെയാണ്. ■